ശ്രീ. പി. കെ. കുഞ്ഞച്ചൻ: ഒരു വീടിനു് ശരാശരി എത്ര ഉരു ചെലവാകും?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് പലതരത്തിലാണു്. ഏറ്റവും കൂടുതൽ ചെലവുവന്നിട്ടുള്ളതു് 5,000 രൂപയാണു്.

ശ്രീ. പി. കെ. ഡിവർ: വീടിരിക്കുന്ന സ്ഥലത്തിന്റെ വിലകൂടി ഇതിൽ ഉൾപ്പെട്ടുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

ഡാക്ടറന്മാർ

*നൂറു (സ) ശ്രീമതി ദേവകിഗോപിദാസു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി സ്റ്റേറ്റിൽ ആശുപത്രികളിൽ ആവശ്യമുള്ളത്ര ഡാക്ടറന്മാർ ഉണ്ടോ;

(ബി) മെഡിക്കൽ ഡിപ്പാർട്ടുമെന്റിൽനിന്നും സ്വയം പെൻഷൻ പറ്റിയും നിർബ്ബന്ധിച്ചു പെൻഷൻ കൊടുത്തും 5 വർഷത്തിൽ എത്രപേർ പിരിഞ്ഞു പോയിട്ടുണ്ടു്?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ആവശ്യമുള്ളിടത്തോളം ഡാക്ടർമാർ ഇല്ല.

(ബി) 5.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഡാക്ടർമാരില്ലാത്ത ആശുപത്രികളുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഇല്ല.

ശ്രീമതി ദേവകിഗോപിദാസു്: ചില ആശുപത്രികളിൽ ലേഡിഡാക്ടർമാരില്ലാത്തതുകൊണ്ടു് ആ സ്ഥലത്തുള്ള സ്ത്രീകൾ വളരെ വിഷമിക്കുന്നതായി അറിയാമോ?

ശ്രീ. എ. ജെ. ജോൺ: എല്ലാ ആശുപത്രികളിലും ലേഡി ഡാക്ടർമാരില്ല. ചില ആശുപത്രികളിൽ മാത്രമെയുള്ളൂ.

ശ്രീമതി ദേവകിഗോപിദാസു്: ഇതിനു പരിഹാരം എന്തെങ്കിലും ചെയ്യുവാൻ തവണ്ടെന്നുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ആവശ്യത്തിനുമാത്രം ഡാക്ടർമാരില്ലാത്ത ആശുപത്രികൾ ഏകദേശം 20-ഓളം വരും അടുത്തകാലത്തു 12 പേരെ എടുക്കുന്നതിലേക്കു് ആവശ്യമായ നടപടികൾ എടുത്തിട്ടുണ്ടു്. പബ്ലിക്ക് സർവ്വീസ് കമ്മിഷൻ മുഖേന നിയമിച്ചുകഴിഞ്ഞിട്ടുമുണ്ടു്.

ശ്രീ. എം. ഐ. പോൾ: ഇരുപതു പേരെ എടുക്കുന്നതുകൊണ്ടു് നമ്മുടെ ആവശ്യത്തിനു മതിയാകുമോ?

ശ്രീ. എ. ജെ. ജോൺ: മിക്കവാറും മതിയാകും

ശ്രീ. എം. ഐ. പോൾ: ചില ആശുപത്രികളിൽ ലേഡിഡാക്ടർമാർ ഇല്ലാതിരിക്കാനുള്ള പ്രധാനകാരണമെന്താണു്?

ശ്രീ. എ. ജെ. ജോൺ: ആവശ്യമുള്ളിടത്തോളം ലേഡിഡാക്ടർമാരെ ലഭിക്കാത്തതുകൊണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. ഐ. പോൾ: അവിടെ ലേഡീഡാക്ടർമാർ വേണ്ടാ എന്നു് ഗവ മെന്റു് വിചാരിച്ചിട്ടാണോ ?

Mr. Speaker: That is an inference drawn by the hon'ble Member.

ശ്രീമതി ദേവകിഗോപിദാസു്: കഴിയുന്നതും വേഗത്തിൽ ആവശ്യമുള്ളിടത്തു ലേഡീഡാക്ടർമാരെ നിയമിക്കുവാൻ ഗവമെന്റു് ശ്രദ്ധിക്കുമോ?

ശ്രീ. എ. ജെ. ജോൺ: എല്ലാ ആശുപത്രികളിലും സ്ത്രീ ഡാക്ടർമാരെ നിയമിക്കുക തൽക്കാലം സാദ്ധ്യമല്ല. സൗകര്യംപോലെയും ആളുകളുടെ ആവശ്യം അനുസരിച്ചും ലേഡീഡാക്ടർമാരെ നിയമിക്കാവുന്നതാണു്.

ശ്രീ. എം. ഐ. പോൾ: തൽക്കാലം എന്നു പറഞ്ഞതു എന്താണു്?

ശ്രീ. എ. ജെ. ജോൺ: ഒന്നാമതു് ലേഡീഡാക്ടർമാരെ ആവശ്യത്തിനു കിട്ടുന്നില്ല. കൂടാതെ, ലേഡീഡാക്ടർമാരെ വളരെ കൂടുതൽ നിയമിക്കുന്നതു് ഇപ്പോഴത്തെ സാമ്പത്തികസ്ഥിതിക്കു അനുയോജ്യവുമല്ല.

ശ്രീ. എം. ഐ. പോൾ: ലേഡീഡാക്ടർമാർ അപേക്ഷകരം അയയ്ക്കാത്തതുകൊണ്ടാണോ, നിയമിക്കാത്തതു്?

ശ്രീ. എ. ജെ. ജോൺ: അതേപ്പറ്റി എനിക്കു് നിശ്ചയമില്ല.

ശ്രീ. എം. ഐ. പോൾ: ആരെങ്കിലും അപേക്ഷകരം സമർപ്പിച്ചിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജോൺ: വന്നിട്ടുള്ള അപേക്ഷകരം എല്ലാം പരിഗണിച്ചിട്ടുണ്ടു്. കിട്ടുന്നിടത്തോളം ലേഡീഡാക്ടർമാരെ നിയമിച്ചിട്ടുമുണ്ടു്.

ശ്രീ. ഈപ്പൻ അറയ്ക്കൽ: അതിലേക്കുള്ള അപേക്ഷകരം പരസ്യംമൂലം ക്ഷണിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: പലപ്രാവശ്യം ക്ഷണിച്ചിട്ടുണ്ടു്.

ശ്രീ. ഈപ്പൻ അറയ്ക്കൽ: എന്നിട്ടു ആവശ്യമുള്ളിടത്തോളം ഡാക്ടർമാരെ ലഭിച്ചില്ലേ?

ശ്രീ. എ. ജെ. ജോൺ: ഇല്ല.

ശ്രീ. ഈപ്പൻ അറയ്ക്കൽ: അവക്കു് തുഛമായ ശമ്പളം വച്ചിരിക്കുന്നതുകൊണ്ടല്ലേ, വേണ്ടിടത്തോളം അപേക്ഷകരം ലഭിക്കാത്തതു് ?

ശ്രീ. എ. ജെ. ജോൺ: അതുകൊണ്ടാണു് അടുത്തകാലത്തു ഡാക്ടർമാരുടെ ശമ്പളപരിഷ്കരണം നടത്തിയതു്.

ശ്രീ. ഈപ്പൻ അറയ്ക്കൽ: അവരുടെ ശമ്പളം വർദ്ധിപ്പിച്ചതിനുശേഷം അപേക്ഷകരം അഡ്വർടൈസു് ചെയ്തിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജോൺ: ഉണ്ടു്.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ഡാക്ടർമാർ പെൻഷൻപറ്റി പിരിയുന്നതിന്റെ വയസ്സു ഉയർത്തണമെന്നു ഗവമെന്റു് ആലോചിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജോൺ: തൽക്കാലമില്ല.

ശ്രീ. കെ. എ. മാത്യു: അടുത്തകാലത്തു എതെങ്കിലും ലേഡീഡാക്ടർ അപേക്ഷ അയച്ചിട്ടു വേക്കൻസിയില്ല എന്നു ഗവമെന്റു് മറുപടി കൊടുത്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: നിശ്ചയമില്ല.

ശ്രീ. എം. ഐ. പോൾ: മേലാൽ ലേഡീഡാക്ടർമാർ ആരെങ്കിലും അപേക്ഷ അയയ്ക്കുകയാണെങ്കിൽ അവരെ നിയമിക്കുവാൻ ഗവമെന്റു് തയാറാണോ?

Mr. Speaker: We go to the next question.

LIBRARY ARCHIVES Kerala Legislative Assembly

ഡാക്ടറന്മാർ

*൩൭൯. (൧൦) ശ്രീമതി ദേവകീഗോപിദാസു്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പു മന്ത്രി സദയം മറുപടി നല്കുമോ.—

തിരുവിതാംകൂർ-കൊച്ചി സ്റ്റേറ്റിൽനിന്നും, മെഡിക്കൽ പരീക്ഷ പാസ്സായ അനേകം പുരുഷന്മാരും സ്ത്രീകളും സ്റ്റേറ്റിനു വെളിയിൽ ജോലിയിൽ ചേരിക്കുന്നതിന്റെയും ഇപ്പോൾ പാസ്സാകുന്നവർ വെളിയിൽ ജോലിക്കു പോകുന്നതിന്റെയും കാരണം എന്താണെന്നു പറയാമോ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): ഇതിനുള്ള കാരണമെന്താണെന്നു ഗവണ്മെണ്ടിനു അറിയാൻ നിവൃത്തിയില്ല.

ശ്രീമതി ദേവകീഗോപിദാസു്: തിരുവിതാംകൂറിനു വെളിയിൽ കൂടുതൽ ശമ്പളം കൊടുക്കുന്നുണ്ടെന്നു് ഗവണ്മെണ്ടിനറിയാമോ?

ശ്രീ. എ ജെ. ജോൺ: അതും ഒരു കാരണമായിരിക്കും.

ശ്രീമതി ദേവകീഗോപിദാസു്: അതു് പരിഹരിക്കാൻ ഗവണ്മെണ്ടിനു് ആലോചനയുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അതുകൊണ്ടാണു് അടുത്തകാലത്തു ശമ്പളപരിഷ്കരണം നടത്തിയതു്.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ഇവരെല്ലാം വെളിയിൽ പോയതു് ഇവിടെ ഉദ്യോഗം കിട്ടാത്തതുകൊണ്ടുകൂടിയല്ലേ?

Mr. Speaker: That is an inference.

ശ്രീ. ഈപ്പൻ അറയ്ക്കൽ: എം. ബി. ബി. എസ്സു്., പാസ്സായ ഒരാളിനു് ഇവിടെ എത്ര ശമ്പളമാണു് കൊടുക്കുന്നതു്?

ശ്രീ. എ. ജെ. ജോൺ: ഏറ്റവും താഴ്ന്ന ഗ്രേഡിനു് ൧൭൫—൨൫൫ രൂപയാണു് സ്കെയിൽ.

ശ്രീ. പി. കെ. ഡീവർ: പുറമെ പോയിരിക്കുന്ന ഡാക്ടർമാർക്കുള്ള ശമ്പളവും ഈ സംസ്ഥാനത്തെ ശമ്പളവും തമ്മിൽ എന്തുവ്യത്യാസമാണുള്ളതു്?

ശ്രീ. എ. ജെ. ജോൺ: കുറെ വ്യത്യാസമുണ്ടു്.

Mr. Speaker : Information has been conveyed to the House through the previous answer about the salary prevailing here. The question of the scales of pay prevailing elsewhere is not a matter with which the Minister is officially connected.

Sri. P. K. Dewer: Are the Government aware that it is the higher grade of pay that attracts the qualified candidates outside ?

Mr. Speaker: That question is disallowed.

ശ്രീ. എം. ഐ. പോൾ: അവർ ആണറിയായിട്ടു ഈ സ്റ്റേറ്റിൽ ജോലി ചെയ്യാമെന്നു സമ്മതിച്ചാൽ ഗവണ്മെണ്ടു് അങ്ങനെ ചെയ്യാൻ അനുവദിക്കുമോ?

Mr. Speaker: It is a hypothetical question.

മിഡ്‌വൈഫറി ക്ലാസ്സു്

*൩൭൰. (൧൧) ശ്രീമതി ദേവകീഗോപിദാസു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

LIBRARY ARCHIVES Kerala Legislative Assembly